പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

## എറണാകുളം ജില്ലാ പോലീസ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2973 10/05/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ. എ.എം. ആരിഫ്**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എറണാകുളത്ത് പോലീസ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ്; ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നു; | (എ) | 21.06.2016-നു നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 217 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും എന്ന് വ്യക്തമാക്കാമോ; 2018 വരെയുള്ള ഒഴിവുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ ട്രെയിനിംഗിനു ശേഷം ഒഴിവുകൾ നിലവിൽ വരുമ്പോൾ പോസ്റ്റ് ചെയ്യുവാൻ സാധിക്കൂ എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | റാങ്ക് പട്ടികയുടെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ ടി പട്ടികയിൽ നിന്നും അവസാനം നിയമന ശിപാർശ ലഭിച്ചവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസം വരെയും ഏതാണോ അവസാനം വരുന്നത് അതുവരെ ആയിരിക്കും. 2018 വരെയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) | അതിനാൽ 2018 വരെയുള്ള ഒഴിവുകൾ പി. എസ്. സി. ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ